REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-10-2023 സമയം 06.45 AM

## പ്രധാന വാർത്തകൾ

- എല്ലാ സംസ്ഥാനങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരുടെ ഓഫീസുകളും 1,851 കാർഷിക ഗ്രാമവികസന ബാങ്കുകളും കമ്പ്യൂട്ടർവത്കരിക്കാൻ കേന്ദ്ര തീരുമാനം.
- പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന്ത്രി കെ രാജന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ തല അദാലത്തിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും.
- അപകടകരമായ മത്സ്യബന്ധനത്തിന് നിയന്ത്രണം കൊണ്ടുവരുമെന്ന് മന്ത്രി സജി ചെറിയാൻ.
- 19-ാമത് ഹാങ്ജോ ഏഷ്യൻ ഗെയിംസ് സമാപിച്ചു.
- ICC ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് വിജയത്തുടക്കം. ഓസ്ട്രേലിയയെ തകർത്തത് ആറ് വിക്കറ്റിന്.

## വാർത്തകൾ വിശദമായി

എല്ലാ സംസ്ഥാനങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരുടെ ഓഫീസുകളും 1,851 കാർഷിക ഗ്രാമവികസന ബാങ്കുകളും കമ്പ്യൂട്ടർവത്കരിക്കാനും ശാക്തീകരിക്കാനും കേന്ദ്ര സഹകരണ മന്ത്രാലയം തീരുമാനിച്ചു. 13 സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന പ്രാഥമിക

കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവത്കരണ മാതൃകയിലാണ് ഇത് നടപ്പാക്കുന്നത്. ദേശീയ ഏകീകൃത സോഫ്റ്റ്‌വെയറിലൂടെയാണ് കമ്പ്യൂട്ടർവൽക്കരണം. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ഒരു കേന്ദ്ര പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുമെന്ന് സഹകരണ മന്ത്രാലയം അറിയിച്ചു. ഏകദേശം 225 കോടി രൂപയാണ് പദ്ധതിയുടെ മൊത്തം ചെലവ് പ്രതീക്ഷിക്കുന്നത്.

✪✪✪

പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന്ത്രി കെ രാജന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ തല അദാലത്തിന് ഇന്ന് തുടക്കമാകും.

ആദ്യ അദാലത്ത് ഇന്ന് തിരുവനന്തപുരത്താണ്. ദീർഘകാലമായി പരിഹരിക്കാത്ത വിഷയങ്ങൾ അദാലത്തിൽ പരിഹരിച്ച് പട്ടയം നൽകും. 14 ജില്ലകളിലും ഓരോ ദിവസവും അദാലത്ത് നടത്തും.

സംസ്ഥാനത്ത് പട്ടയം ലഭിക്കാത്ത മുഴുവൻ പേർക്കും പട്ടയം നൽകുക എന്ന ലക്ഷ്യത്തോടെ പട്ടയ മിഷൻ ഈ വർഷം ആരംഭിച്ചിരുന്നു.

✪✪✪

മത്സ്യ തൊഴിലാളികൾക്കിടയിൽ അപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ മത്സ്യബന്ധന മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പിലാക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. അപകടകരമായ മത്സ്യബന്ധനത്തിന്

നിയന്ത്രണം കൊണ്ടുവരുമെന്നും അദ്ദേഹം കൊച്ചിയിൽ അറിയിച്ചു. ഇൻഷുറൻസ് പദ്ധതികളിൽ ചേരാനും ലൈഫ് ജാക്കറ്റുകൾ ഉപയോഗിക്കാനും മത്സ്യത്തൊഴിലാളികൾ തയ്യാറാകുന്നില്ലെന്ന് മന്ത്രി പറഞ്ഞു.

മുനമ്പത്ത് മരിച്ച മത്സ്യത്തൊഴിലാളികളുടെ വീടുകൾ അദ്ദേഹം സന്ദർശിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് അടിയന്തര സഹായമായി 10,000 രൂപ നൽകുമെന്ന് മന്ത്രി പറഞ്ഞു. മറ്റ് സഹായങ്ങൾ ഗവൺമെന്റുമായി ആലോചിച്ച് തീരുമാനിക്കും.

✪✪✪

കേരളത്തിന്റെ നേട്ടങ്ങളെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാനാണ് അടുത്ത മാസം കേരളീയം പരിപാടി ഗവൺമെന്റ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു. രാജ്യവും ലോകവും അംഗീകരിച്ച കേരള മാതൃകയ്ക്ക് മതിയായ പ്രചാരണം നൽകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കക്ഷി രാഷ്ട്രീയത്തിന് അതീതമായി കേരള സമൂഹത്തിലെ എല്ലാവരും പങ്കെടുക്കുന്ന പരിപാടിയാണ് കേരളീയമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

16-ാമത് കാർഷിക ശാസ്ത്ര കോൺഗ്രസിന് നാളെ കൊച്ചിയിൽ തുടക്കമാകും. ഉച്ച കഴിഞ്ഞ് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും. മന്ത്രി P.പ്രസാദ്

ചടങ്ങിൽ അധ്യക്ഷനാവും. ഹൈബി ഈഡൻ M.P-യും ചടങ്ങിൽ പങ്കെടുക്കും.

വിദേശത്തുനിന്നും ഉൾപ്പെടെ കൃഷി - അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന 1,500 ഓളം പേർ കോൺഗ്രസിൽ പങ്കെടുക്കും.

✪✪✪

39-ാമത് സംസ്ഥാന ടെക്നിക്കൽ ഹൈസ്ക്കൂൾ കായിക മേളയുടെ സംഘാടന സമിതി രൂപീകരണ യോഗം രാവിലെ നെടുമങ്ങാട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ തുടങ്ങും. മന്ത്രി G.R. അനിൽ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും. ആയിരത്തിലേറെ കുട്ടികൾ പങ്കെടുക്കുന്ന കായിക മേളയാണിത്.

✪✪✪

ഹമാസുമായുണ്ടായ ഏറ്റുമുട്ടലിൽ മരിച്ച ഇസ്രായേലികളുടെ എണ്ണം 700 കവിഞ്ഞു. പരിക്കേറ്റവരുടെ എണ്ണം 2,100 ലേറെയാണ്. സംഘർഷം തുടരുന്നതിനാൽ മരണസംഖ്യ ഇനിയും ഉയർന്നേക്കും. ഹമാസ് 100 ഇസ്രായേലികളെയെങ്കിലും ബന്ദികളാക്കിയതായി അധികൃതർ സ്ഥിരീകരിച്ചു. ഹമാസും ഇസ്രയേലി സുരക്ഷാ ഉദ്യോഗസ്ഥരും തമ്മിൽ പലയിടത്തും ഇപ്പോഴും ഏറ്റുമുട്ടൽ തുടരുകയാണ്.

അതേസമയം, പലസ്തീൻ തീവ്രവാദ സംഘടനയായ ഹമാസിന്റെ ആക്രമണത്തിന് മറുപടിയായി അമേരിക്ക ഇസ്രായേലിന് ആയുധങ്ങളും ഉപകരണങ്ങളും നൽകുമെന്നും

മിഡിൽ ഈസ്റ്റിൽ അമേരിക്കൻ സേനയെ ശക്തിപ്പെടുത്തുമെന്നും പെന്റഗൺ അറിയിച്ചു.

✪✪✪

എയർ ഇന്ത്യ ടെൽ അവീവിലേക്കും തിരിച്ചും വിമാന സർവ്വീസുകൾ ഈ മാസം 14 വരെ റദ്ദാക്കി. ഇസ്രായേൽ - ഹമാസ് ഏറ്റുമുട്ടലിന്റെ സാഹചര്യത്തിൽ യാത്രക്കാരുടെയും വിമാന ജീവനക്കാരുടെയും സുരക്ഷ മുൻനിർത്തിയാണ് നടപടി. ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാർക്ക് എല്ലാ സഹായവും നൽകുമെന്നും എയർ ഇന്ത്യ അറിയിച്ചു.

✪✪✪

കോട്ടയം പാമ്പാടിയിൽ നിർമിച്ച അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നാളെ മന്ത്രി ഡോ. R. ബിന്ദു നാടിനു സമർപ്പിക്കും. രാജ്യത്തെ പ്രമുഖ വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് ദേശീയ-അന്തർദേശീയ നിലവാര കോഴ്സുകളിൽ യുവജനങ്ങൾക്ക് പരിശീലനം നൽകാൻ ലക്ഷ്യമിട്ടാണ് പാർക്ക് സജ്ജമാക്കിയത്. 14 കോടി 68 ലക്ഷം രൂപ ചെലവിൽ ഇതിനായി കെട്ടിടം ഒരുക്കിയിട്ടുണ്ട്.

✪✪✪

നവകേരള സദസ് സംസ്ഥാന മന്ത്രിസഭ ജനങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്ന വേദിയാണെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു.

നവകേരള സദസ് തൃത്താല മണ്ഡലം സംഘാടക സമിതി രൂപീകരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

19-ാമത് ഏഷ്യൻ ഗെയിംസ് ചൈനയിലെ ഹാങ്ജോവിൽ സമാപിച്ചു. ജപ്പാനിലെ നഗോയയിൽ 2026-ലെ അടുത്ത ഏഷ്യൻ ഗെയിംസിന് സമാപന ചടങ്ങിൽ ബാറ്റൺ കൈമാറി.

ഡെസ്ക് റിപ്പോർട്ട്.........

........വോയ്സ്.........

സമാപന ചടങ്ങിൽ ഹോക്കി താരം P.R. ശ്രീജേഷാണ് ഇന്ത്യൻ പതാകയേന്തിയത്. 2,000-ലേറെ കലാകാരന്മാർ ചേർന്ന് ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത രാജ്യങ്ങളുടെ ഐക്യവും സ്നേഹവും പ്രകടമാക്കുന്ന പരിപാടികൾ അവതരിപ്പിച്ചു. ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യയുടെ ഇടക്കാല പ്രസിഡന്റ് രാജാ രൺധീർ സിംഗ് ആദ്യ ഏഷ്യൻ ഗെയിംസ് പതാകയും ഇപ്പോഴത്തെ പതാകയും ദീപ ശിഖയും ജാപ്പനീസ് ടീമിന് കൈമാറി.

28 സ്വർണവും 38 വെള്ളിയും 41 വെങ്കലവുമടക്കം 107 മെഡലുകളാണ് ചൈനയിൽ ഇന്ത്യൻ സംഘം നേടിയത്. ഇന്ത്യയ്ക്ക് നാലാം സ്ഥാനമാണ്. ഒന്നാം സ്ഥാനക്കാരായ ചൈനയ്ക്ക് 201 സ്വർണവും 111 വെള്ളിയും 71 വെങ്കലവുമടക്കം 383 മെഡലുകളും, രണ്ടാം സ്ഥാനക്കാരായ ജപ്പാന് 52 സ്വർണവും 67 വെള്ളയും 69 വെങ്കലവുമടക്കം 188 മെഡലുകളുണ്ട്. ദക്ഷിണ കൊറിയയാണ് മൂന്നാം സ്ഥാനത്ത്. അവർക്ക് 42 സ്വർണവും 59 വെള്ളിയും 89 വെങ്കലവുമടക്കം 190 മെഡലുകൾ ലഭിച്ചു.

✪✪✪

രാജ്യത്തിന്റെ ഏഷ്യൻ ഗെയിംസ് മെഡൽ നേട്ടത്തിൽ മലയാളി കായിക താരങ്ങളുടെ പങ്ക് അഭിമാനകരമാണെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. വെള്ളി മെഡൽ നേടിയ അത്‌ലറ്റ് ശ്രീശങ്കർ മുരളിയുടെ യാക്കരയിലെ വീട്ടിലെത്തി അഭിനന്ദനം അറിയിക്കുകയായിരുന്നു അദ്ദേഹം. കായികതാരങ്ങൾക്ക് ഗവൺമെന്റ് എല്ലാ പിന്തുണയും നൽകുമെന്നും രാജേഷ് പറഞ്ഞു.

✪✪✪

ICC ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് വിജയത്തുടക്കം. ഓസ്ട്രേലിയയെ ആറ് വിക്കറ്റിന് ഇന്ത്യ തകർത്തു. 200 റൺസ് വിജയലക്ഷ്യവുമായി രണ്ടാമതായി ബാറ്റിംഗിന് ഇറങ്ങിയ ഇന്ത്യ 41.2 ഓവറിൽ ലക്ഷ്യം മറികടന്നു. തുടക്കത്തിൽ ബാറ്റിംഗ് തകർച്ച നേരിട്ട ഇന്ത്യയെ വിരാട് കോഹ്‌ലിയുടെയും K.L രാഹുലിന്റെയും 165 റൺസ് കൂട്ടുകെട്ടാണ് വിജയത്തിലെത്തിച്ചത്. വിരാട് 85 റൺസും രാഹുൽ 97 റൺസും എടുത്തു. നേരത്തെ ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 49.3 ഓവറിൽ 199 റൺസെടുത്തു. രവീന്ദ്ര ജഡേജ മൂന്ന് വിക്കറ്റ് വീഴ്ത്തി.

ഇന്ന് നെതർലാന്റ്സ് - ന്യൂസിലാന്റിനെ നേരിടും. ഹൈദരാബാദിൽ ഉച്ചയ്ക്ക് രണ്ടിന് രാജീവ് ഗാന്ധി അന്തർദേശീയ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് തോൽവി. ഇന്നലെ മുംബൈയിൽ, മുംബൈ സിറ്റി FC യോട് ബ്ലാസ്റ്റേഴ്സ് ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് പരാജയപ്പെട്ടത്.

നാല് പോയിന്റുമായി കേരളാ ബ്ലാസ്റ്റേഴ്സ് ഇപ്പോൾ നാലാം സ്ഥാനത്താണ്.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബാൾ പ്രാഥമിക റൗണ്ട് മത്സരങ്ങളിൽ പങ്കെടുക്കാൻ കേരള ടീം ഗോവയിലെത്തി. മറ്റന്നാൾ ഗുജറാത്തുമായാണ് കേരളത്തിന്റെ ആദ്യമത്സരം. നിജോ ഗിൽബർട്ടാണ് നായകൻ.

✪✪✪

ബേപ്പൂർ ഹൈ ടൈഡ് സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ മണ്ഡലം പദ്ധതിയുടെ ഭാഗമായി ഡിസബിലിറ്റി മെഡിക്കൽ ബോർഡ് സർട്ടിഫിക്കേഷൻ ക്യാമ്പും U.D. ഐ.ഡി കാർഡ് വിതരണവും ഉച്ചയ്ക്ക് മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഭിന്നശേഷി സർട്ടിഫിക്കേഷൻ ക്യാമ്പും പരിശോധനകളും രാവിലെ ആരംഭിക്കും.

✪✪✪

ആലപ്പുഴ വെട്ടിക്കോട്ട് ശ്രീ നാഗരാജ ക്ഷേത്രത്തിലെ ആയില്യം മഹോത്സവത്തോടനുബന്ധിച്ച് മാവേലിക്കര താലൂക്കിലെ ഗവൺമെന്റ് ഓഫീസുകൾക്കും വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്കും ഇന്ന് പ്രാദേശിക അവധി നൽകി. എന്നാൽ പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

✪✪✪

തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ശബരി എക്സ്പ്രസ് ഇന്നും ബുധനാഴ്ചയും, വെള്ളി, ശനി ദിവസങ്ങളിലും ഒന്നര മണിക്കൂർ വൈകി ആയിരിക്കും യാത്ര പുറപ്പെടുകയെന്ന് റെയിൽവെ അറിയിച്ചു. രാവിലെ 6.45-ന് പകരം 8.15-ന് ആയിരിക്കും ഈ ദിവസങ്ങളിൽ സർവ്വീസ് ആരംഭിക്കുന്നത്.

✪✪✪

മലപ്പുറം എടക്കര ഇരുട്ടുകുത്തി ആദിവാസി കോളനിയിലേക്ക് പാലം നിർമിക്കുന്നതിന് വനംവകുപ്പും മുണ്ടേരി ഫാമും അനുകൂല റിപ്പോർട്ട് സമർപ്പിച്ചു. പോത്തുകല്ല് പഞ്ചായത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെയാണ് ഇരുട്ടുകുത്തി കടവിൽ പാലം നിർമിക്കുന്നത്. ഇതിന് അഞ്ച് കോടി 76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

✪✪✪

ശരീരത്തിൽ ഒളിപ്പിച്ച് സ്വർണം കടത്താൻ ശ്രമിച്ച വിമാന യാത്രക്കാരനെ കൊച്ചി വിമാനത്താവളത്തിൽ കസ്റ്റംസ് പിടികൂടി. ജിദ്ദയിൽ നിന്ന് എത്തിയ മലപ്പുറം സ്വദേശി ഷൗക്കത്ത് അലിയാണ് 1,168 ഗ്രാം സ്വർണവുമായി പിടിയിലായത്. സ്വർണ്ണത്തിന് 50 ലക്ഷത്തോളം വില വരുമെന്ന് കസ്റ്റംസ് അറിയിച്ചു.

✪✪✪

ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണങ്ങൾ യാത്രക്കിടെ ദർശനത്തിന് വെക്കുന്ന ളാഹ സത്രത്തിൽ ഭക്തരുടെ വികാരം വ്രണപ്പെടുത്തുന്ന നടപടി വനംവകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായതായി പരാതി ഉയർന്നു. സത്രത്തിന്റെ പരിശുദ്ധിക്ക് കളങ്കമുണ്ടാക്കുന്ന തരത്തിൽ ഉദ്യോഗസ്ഥർ പെരുമാറിയെന്ന് ആരോപിച്ച് അയ്യപ്പ ഭക്തർ പ്രതിഷേധിച്ചു. റാന്നി DFO യ്ക്ക് അവർ പരാതി നൽകി.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ചിലയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. വ്യഴാഴ്ച വരെ വിവിധ ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും നാളെ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലും മറ്റന്നാൾ എറണാകുളം, ഇടുക്കി ജില്ലകളിലുമാണ് മഞ്ഞ ജാഗ്രതാ നിർദേശം.

✪✪✪

നിതി ആയോഗിന്റെ അഭിലാഷ ബ്ലോക്ക് പരിപാടിയുടെ ഭാഗമായി കാസർഗോഡ് പരപ്പ ബ്ലോക്കിൽ സംഘടിപ്പിച്ച സങ്കൽപ്പ് സപ്താഹ് സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. നിതി അയോഗ് മുന്നോട്ട് വെച്ച ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സങ്കല്പ് സപ്താഹിലൂടെ സാധിച്ചുവെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.